بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 06.06.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

06.06.14 ന് ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# ഭാരവാഹികൾ അനുസരണം എന്ന വിഷയം ഏറ്റവും കൂടുതൽ മനസ്സിലാക്കുക

*തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

اَفَلَا یَنۡظُرُوۡنَ اِلَی الۡاِبِلِ کَیۡفَ خُلِقَتۡ ﴿۱۸﴾ وَ اِلَی السَّمَآءِ کَیۡفَ رُفِعَتۡ ﴿۱۹﴾ وَ اِلَی الۡجِبَالِ کَیۡفَ نُصِبَتۡ ﴿۲۰﴾ وَ اِلَی الۡاَرۡضِ کَیۡفَ سُطِحَتۡ ﴿۲۱﴾

**(88:18-21)**

ഇതിലെ ഞാനോതിയ ആദ്യത്തെ വചനമാണ് اَفَلَا یَنۡظُرُوۡنَ اِلَی الۡاِبِلِ کَیۡفَ خُلِقَتۡ ﴿۱۸﴾ അവർ ഒട്ടകങ്ങളിലേക്ക് നോക്കുന്നില്ലേ, അവയെങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്? ഈ വചനത്തെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യാഖ്യാനിച്ചിട്ടുണ്ട്. ആ വ്യാഖ്യാനം അതിന്റെ അഗാധതയിലും മനോഹാരിതയിലും അറിവിലും ജ്ഞാനത്തിലും പിന്നീട് കർമപരമായ അവസ്ഥയിൽ ആവരണം ചെയ്യുന്നതിലും ഒരു അത്ഭുതകരവും വേറിട്ടതുമായ ചിത്രം കോറിയിടുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വചനത്തിൽനിന്ന് നുബുവ്വത്തിനേയും(പ്രവാചകത്വം)ഇമാമത്തിനേയും(നേതൃത്വം)അനുസരിക്കുന്നതിന്റെ പ്രശ്നം പരിഹരിച്ചുതന്നിരിക്കുന്നു. നുബുവ്വത്തിനോടും ഇമാമത്തിനോടും കൂടിച്ചേർന്നിരിക്കുന്നവർക്ക് അവശ്യംവേണ്ടത് അനുസരണമാണ്; പരിപൂർണമായ അനുസരണമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ 'ഇബിൽ' അതായത് ഒട്ടകം എന്ന പദവുമായിട്ട് അല്ലെങ്കിൽ ഒട്ടകങ്ങൾ എന്ന പദവുമായിട്ട് ബന്ധപ്പെടുത്തി വിശദീകരിച്ചിരിക്കുന്നു. ഒട്ടകങ്ങൾക്കും നുബുവ്വത്തിനും ഇമാമത്തിനും, അനുസരണവുമായിട്ടുള്ള കെട്ട് എന്താണെന്ന് നോക്കുമ്പോൾ ബാഹ്യമായി അതൊരു അത്ഭുതമുളവാക്കുന്ന കാര്യമായിട്ട് തോന്നുന്നു. എന്നാൽ, ആ മഹാത്മാവിന്റെ സുവ്യക്തമായ വിശദീകരണത്തിൽ നിന്ന് വിസ്മയകരമായ അറിവ് നമുക്കും ലഭിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യാഖ്യാനം ആദ്യം കേൾപിക്കാം.

പറയുന്നു, വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള اَفَلَا یَنۡظُرُوۡنَ اِلَی الۡاِبِلِ کَیۡفَ خُلِقَتۡ ﴿۱۸﴾ എന്ന വചനം നുബുവ്വത്തിന്റേയും ഇമാമത്തിന്റേയും പ്രശ്നം പരിഹരിക്കുന്നതിന് വലിയ സഹായിയാണ്. ഒട്ടകത്തിന് അറബി ഭാഷയിൽ ആയിരത്തിന്നടുത്ത് പേരുകളുണ്ട്. ആ പേരുകളിൽനിന്ന് **ഇബിലുൻ** എന്ന പദം ഉപയോഗിച്ചതിലുള്ള രഹസ്യമെന്താണ്? **ഇലൽജമലി** എന്നും പറയാവുന്നതാണല്ലോ? **ജമൽ** ഒരു ഒട്ടകത്തിന് പറയുന്ന പേരാണ്. **ഇബിലുൻ** സമൂഹനാമമാണ്. ഇവിടെ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കുക എന്നതായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യം. **ജമൽ** ഒരു ഒട്ടകത്തിനാണ് പറയുന്നത്. ഈ പദം ഉപയോഗിച്ചാൽ കിട്ടേണ്ടുന്ന ഫലം കിട്ടുമായിരുന്നില്ല. അതുണ്ടാണ് **ഇബിൽ** എന്ന പദം ഇഷ്ടപ്പെട്ടത്. ഒട്ടകങ്ങളിൽ പരസ്പരം പിന്തുടരാനും അനുസരിക്കാനുമുള്ള കഴിവ് വെച്ചിരിക്കുന്നു. ഒട്ടകങ്ങളുടെ ഒരു നീണ്ട നിരയുണ്ടാകും. ഏറ്റവുമാദ്യം ഇമാമെന്ന നിലയിൽ, നേതാവെന്ന നിലയിൽ നടക്കുന്ന ഒട്ടകത്തിന്റെ പിന്നാലെ ഒരു പ്രത്യേക ശൈലിയിലും വേഗത്തിലും അവ നടക്കുന്നത് ഏതു രീതിയിലാണെന്ന് നോക്കുക. ആദ്യം നടക്കുന്ന ഒട്ടകം പരിചയസമ്പന്നനും വഴി അറിയുന്നതുമായിരിക്കും. പിന്നീട് എല്ലാ ഒട്ടകങ്ങളും ഒന്നിനുപിറകെ ഒന്നായി ഒരേ വേഗത്തിൽ നടക്കുന്നു. അവയിൽ ഒന്നിന്റേയും മനസ്സിൽ കുതിര തുടങ്ങി മറ്റു മൃഗങ്ങളിൽ കാണുന്നതുപോലെ ഒപ്പത്തിനൊപ്പം നടക്കണമെന്ന ചിന്ത ഉണ്ടാകുകയില്ല. ഒട്ടകത്തിന്റെ സ്വഭാവത്തിൽ ഇമാമിനെ അനുസരിക്കുക എന്ന ഗുണം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അല്ലാഹു اَفَلَا یَنۡظُرُوۡنَ اِلَی الۡاِبِلِ کَیۡفَ خُلِقَتۡ എന്നു പറഞ്ഞുകൊണ്ട് ഈ സംഘടിതാവസ്ഥയിലേക്ക് സൂചനനല്കി. ഒട്ടകം ഒരു നിരയിലൂടെ തെറ്റാതെ പൊയ്ക്കൊണ്ടിരിക്കുന്നു. ഇതേ പ്രകാരം സാംസ്കാരികവും സംഘടിതവുമായ അവസ്ഥ നിലനിറുത്താൻ ഒരു ഇമാം അത്യാവശ്യമാണ്. ഒട്ടകം യാത്ര പോകുന്ന നേരത്താണ് നിരനിരയായി പോകുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ഇഹലോക യാത്ര താണ്ടുന്നതിന് ഒരു ഇമാം ഇല്ലെങ്കിൽ മനുഷ്യൻ വ്യതിചലിച്ച് വ്യതിചലിച്ച് നാശമടയും.

ഒട്ടകം അധികം ശക്തിയുള്ളതും കൂടുതൽ നടക്കുന്നതുമായ മൃഗമാണ്. അതിൽനിന്ന് ക്ഷമയുടേയും സഹനത്തിന്റേയും പാഠം ലഭിക്കുന്നു. ദീർഘയാത്രയിൽ പല ദിവസത്തേക്കുള്ള വെള്ളം സംഭരിച്ചുവെക്കുന്നുവെന്നത് ഒട്ടകത്തിന്റെ പ്രത്യേകതയാണ്. അതിൽ അത് അശ്രദ്ധയാകുകയില്ല. അതുകൊണ്ട്

സത്യവിശ്വാസിയും എപ്പോഴും തന്റെ യാത്രയ്ക്കായി തയ്യാറോടും കരുതലോടുംകൂടി ഇരിക്കേണ്ടതാണ്. ഏറ്റവും നല്ല പാഥേയം തഖ്‌വയാണ്.

ഉൻളുർ എന്ന പദത്തിൽനിന്ന് മനസ്സിലാകുന്നത് ഈ നോട്ടം കുട്ടികളെപ്പോലെയാകരുത് പ്രത്യുത അതിൽനിന്ന് അനുസരണത്തിന്റെ പാഠം പഠിക്കണമെന്നാണ്. എപ്രകാരം ഒട്ടകത്തിൽ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കപ്പെട്ടിരിക്കുന്നുവോ അവയിൽ ഇമാമിനെ പിൻപറ്റാനുള്ള ശക്തി വെക്കപ്പെട്ടിരിക്കുന്നുവോ അതുപോലെ മനുഷ്യന് ഇമാമിനെ പിൻപറ്റൽ തന്റെ അടയാളമാക്കിമാറ്റേണ്ടത് അനിവാര്യമാണ്. കാരണം അവരുടെ സേവകരായ ഒട്ടകങ്ങളിലും ഈ അനുസരണത്തിന്റെ സ്വഭാവമുണ്ട്. **കയ്ഫ ഖുലിക്കത്ത്** എന്നതിൽ ഒട്ടകത്തിന്റെ സംഘടിതാവസ്ഥയിൽനിന്ന് ലഭിക്കുന്ന മൊത്തത്തിലുള്ള നേട്ടങ്ങളിലേക്കുള്ള സൂചനയാണുള്ളത്.” (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 3, പേജ് 357)

ഇക്കാലഘട്ടത്തിൽ അല്ലാഹു അവന്റെ വാഗ്ദാനങ്ങളും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുമനുസരിച്ച് വാഗ്ദത്ത മസീഹിനെ-മസീഹ് മൗഊദിനെ അയച്ചു. നമുക്ക് അദ്ദേഹത്തെ വിശ്വസിക്കാനുള്ള സൗഭാഗ്യവും നല്കി. ആ മഹാത്മാവിനുശേഷം നടപ്പിലുള്ള ഖിലാഫത്ത് വ്യവസ്ഥിതി കൊണ്ടും അനുഗ്രഹിച്ചു. ഈ പാരിതോഷികത്തെ നാം വിലമതിക്കേണ്ടതാണ്. ഖിലാഫത്ത് വ്യവസ്ഥിതിയിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മാവിനെ നാം മനസ്സിലാക്കേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു: “ഇമാം നിങ്ങളുടെ പരിചയാകുന്നു. ആ പരിചയുടെ പിന്നിൽ കഴിഞ്ഞാൽ രക്ഷപ്പെടാനുള്ള സാധനങ്ങളുണ്ട്. പരിചയുടെ പിന്നിൽ കഴിയുക എന്നതാണ് പൂർണ്ണ അനുസരണം. നിങ്ങളുടെ ലൈനിലൂടെ നടക്കുക. നിങ്ങൾക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ലൈനിലൂടെ നടക്കുക. ഇതിൽനിന്ന് അല്പം പുറത്തുപോയാൽ വഴിപിഴക്കാനിടയുണ്ട്. നശിക്കാനിടയുണ്ട്.”

അനുസരണത്തിനുവേണ്ടി നബി(സ)തിരുമേനി പറഞ്ഞിട്ടുള്ള ഈ നിർദേശവും ഓർമവയ്ക്കേണ്ടതാണ്. **വമൻ അത്വാഅ അമീരീ ഫഖദ് അത്വാഅനീ വമൻ അസ്വാഅ അമീരീ ഫഖദ് അസ്വാനീ** എന്റെ അമീറിനെ അനുസരിക്കുന്നവൻ എന്നെ അനുസരിച്ചു. എന്റെ അമീറിനെ ധിക്കരിക്കുന്നവൻ എന്നെ ധിക്കരിച്ചു. അമീറിനെ അനുസരിക്കുന്നതിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ വേറേയും ധാരാളം നിർദേശങ്ങളുണ്ട്. ഇപ്രകാരംതന്നെ വിശുദ്ധ ഖുർആനിലും നിരവധി സ്ഥലങ്ങളിൽ അനസരിക്കാനുള്ള കല്പന നല്കപ്പെട്ടിരിക്കുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിക്കായി നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഒരു രഹസ്യവും ഇതുതന്നെയാണ്. അത് ജമാഅത്തുമായി ബന്ധപ്പെട്ടുനില്ക്കുന്ന എല്ലാവരും നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതാണ്. ജമാഅത്തംഗങ്ങൾ ഇക്കാര്യം മനസ്സിലാക്കേണ്ടത് വളരെയേറെ അത്യാവശ്യമാണ്. പ്രത്യേകിച്ചും സ്വാതന്ത്ര്യം എന്ന പേരിൽ ‘എന്തിന് തങ്ങൾ അനുസരിക്കണം? എന്തിനു തങ്ങളുടെ മേൽനിയന്ത്രണം ഏർപ്പെടുത്തുന്നു?’ എന്നുള്ള തെറ്റായ ചിന്താഗതികൾ വെളിവാക്കപ്പെടുന്ന ഇക്കാലഘട്ടത്തിൽ.

ഞാൻ ജമാഅത്തിന്റെ ഭാരവാഹികളോടും പറയുകയാണ്. ജമാഅത്തിന്റെ പുരോഗതിയിൽ സഹായിയും അസിസ്റ്റന്റും ആകണമെങ്കിൽ, ഭാരവാഹിത്വം വെറുംവലിപ്പത്തരം കാണിക്കാൻ വേണ്ടിയല്ല ഏറ്റെടുത്തിട്ടുള്ളത്, സ്വന്തം പ്രകടനത്തിനുവേണ്ടിയല്ല ഏറ്റെടുത്തിട്ടുള്ളത്, സ്വാർഥതയുടെ ആശ്വാസത്തിനുവേണ്ടിയല്ല ഏറ്റെടുത്തിട്ടുള്ളത്. അതുകൊണ്ട് അനുസരണം എന്ന വിഷയം ഏറ്റവും കൂടുതൽ മനസ്സിലാക്കേണ്ട ആവശ്യം ഭാരവാഹികൾക്കാണ്. എല്ലാ തലത്തിലുമുള്ള ഭാരവാഹികളും ഇത് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഭാരവാഹികൾ ഈ വിഷയം മനസ്സിലാക്കിയാൽ ജമാത്തംഗങ്ങൾ സ്വയമേവ അതിലേക്ക് ശ്രദ്ധ ചെലുത്തുന്നതാണ്. എല്ലാ തലങ്ങളിലും അനുസരണത്തിന്റെ മാതൃക നമുക്ക് കാണാൻ കഴിയും. ഒട്ടകങ്ങളുടെ നിരയെ പിൻതുടർന്നുകൊണ്ട് എല്ലാം നമുക്ക് കാണാൻ കഴിയും. ഒരു ദിശയിൽ നടന്നുകൊണ്ട് കാണാൻ കഴിയും. ഇമാമിന്റെ ചുവടോട് ചുവടുതൊട്ടുകൊണ്ട് നടന്ന് നമുക്ക് അത് കാണാൻകഴിയും. അതുകൊണ്ട് കാലത്തിന്റെ ഖലീഫയുടെ പക്കൽനിന്ന് വരുന്ന എല്ലാ കല്പനകളും ഒരു തർക്കവും കൂടാതെ പ്രാവർത്തികമാക്കുന്ന അനുസരണത്തിന്റെ നിലവാരത്തിലാണോ ഉള്ളത് അതല്ല അതിന് വ്യാഖ്യാനം നല്കാൻ ശ്രമിക്കാറുണ്ടോ അല്ലെങ്കിൽ അതിനു പിന്നാലെ കൂടാറുണ്ടോ എന്ന് അമീറും സദ്റും മറ്റു ഭാരവാഹികളും ആദ്യം സ്വന്തം പരിശോധിച്ചു നോക്കുക. വ്യാഖ്യാനങ്ങൾ നല്കുകയാണെങ്കിൽ അത് അനുസരണമല്ല. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലെ ഒരു സംഭവം നിവേദനങ്ങളിൽ വരുന്നുണ്ട്.

ഇടവഴിയിലൂടെ നടന്നു വരുമ്പോൾ ഒരു സ്വഹാബി അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നബി(സ)തിരുമേനി ഇരിക്കുക എന്ന് പറയുന്നത് കേട്ട് അവിടെ തന്നെ ഇരുന്നു. പറയുന്നത് കേട്ടിട്ട് ആ കല്പന പള്ളിക്കുള്ളിൽ ഇരിക്കുന്നവരോടാണെന്ന് അദ്ദേഹം പറഞ്ഞില്ല. പ്രത്യുത പറയുന്നത് കേട്ടു, അവിടെ ഇരുന്നു. അങ്ങനെ ഇരുന്നിരുന്ന് വളരെ പ്രയാസത്തോടെ നിരങ്ങിനിരങ്ങി പള്ളിയിലേക്ക് പോകാൻ തുടങ്ങി. ഇങ്ങനെ നിരങ്ങിപ്പോകാൻ താങ്കൾക്കെന്തു പറ്റിയെന്ന് ആരോ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു ഉള്ളിൽ നിന്ന് നബി(സ)തിരുമേനി ഇരിക്കാൻ പറയുന്നത് കേട്ടു. അങ്ങനെ ഞാനിരുന്നു. അയാൾ പറഞ്ഞു, നബി(സ)പറഞ്ഞത് ഉള്ളിലിരിക്കുന്നവരോടാണ്. അദ്ദേഹം പറഞ്ഞു, ഉള്ളിലുള്ളവരോടാണോ വെളിയിലുള്ളവരോടാണോ അതല്ല എല്ലാവരോടുമാണോ എന്ന് ഞാനെന്തിന് നോക്കണം. എന്റെ ചെവിയിൽ അല്ലാഹുവിന്റെ റസൂലിന്റെ ശബ്ദമെത്തി, ഞാൻ അനുസരിച്ചു. എന്റെ ഉദ്ദേശ്യം അനുസരിക്കുക എന്നതായിരുന്നു.

ഇതാണ് അനുസരണത്തിന്റെ നിലവാരം. അത് കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്. ഖലീഫത്തുൽ മസീഹിൽനിന്ന് എന്തെങ്കിലും കല്പന വന്നാൽ അതനുസരിച്ച് പ്രവർത്തിക്കുന്ന ചില ഭാരവാഹികളുമുണ്ട്. പക്ഷേ, വളരെ സങ്കോചത്തോടെ. വേണ്ടെന്ന് വെച്ചാണ് പ്രവർത്തിക്കുന്നത്. വേണ്ടെന്ന് വെച്ച് പ്രവർത്തിക്കുന്നത് അനുസരണമല്ല. പെട്ടെന്ന് പ്രവർത്തിക്കുന്നതാണ് അനുസരണം. സ്വന്തം അഭിപ്രായം മോശമായ കാര്യമൊന്നുമല്ല. പക്ഷേ, ഏതെങ്കിലും കാര്യത്തിൽ ‘ഇങ്ങനെ ചെയ്യുക’ എന്നു പറഞ്ഞ് ഖലീഫത്തുൽ

മസീഹിന്റെ തീരുമാനം വന്നാൽ സ്വന്തം അഭിപ്രായം അപ്പാടെ മറന്നു കളയേണ്ടതാണ്.
ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയാറുണ്ടായിരുന്നു, "ഞാൻ ചില കാര്യങ്ങളിൽ എന്റേതായ അഭിപ്രായം വെക്കുകയും തെളിവോടുകൂടി ഖലീഫത്തുൽ മസീഹിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, എന്റെ അഭിപ്രായം തള്ളപ്പെട്ടാൽ അത് എന്തുകൊണ്ട് തള്ളപ്പെട്ടുവെന്നോ എന്റെ അഭിപ്രായം എന്തായിരുന്നെന്നുള്ള ഓർമയോ എനിക്കുണ്ടായിട്ടില്ല. പന്നീട് എന്റെ അഭിപ്രായം കാലത്തിന്റെ ഖലീഫയുടെ അഭിപ്രായമായിത്തീരുന്നു. അതു കഴിഞ്ഞാൽ പൂർണ അനുസരണത്തോടെ ഖലീഫത്തുൽ മസീഹ് നല്കിയ കല്പന നടപ്പിൽ വരുത്തുന്നതിൽ മുഴുകുന്നു." ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:
"മയ്യിത്ത് കുളിപ്പിക്കുന്നവന്റെ കൈയിൽ മയ്യിത്ത് കിടക്കുന്നതുപോലെ നിങ്ങളെ ഇമാമിന്റെ കൈയിൽ ഏല്പിച്ചുകൊടുക്കുക. മയ്യിത്തിന് അങ്ങോട്ടും ഇങ്ങോട്ടും അനങ്ങാനോ തിരിയാനോ പറ്റാത്തതുപോലെ, കുളിപ്പിക്കുന്നയാളാണ് അയാളെ അനക്കുകയും തിരിക്കുകയും ചെയ്യുന്നത്, അതുപോലെ പരിപൂർണമായും അനുസരിക്കുന്നവരുടെ നിർബന്ധ കടമയാണ് തങ്ങളെ ഇമാമിന്റെ കൈയിൽ ഏല്പിച്ചു കൊടുക്കുക എന്നത്. ഈ നിലവാരത്തിലെത്തുമ്പോൾ പ്രതിജ്ഞ നിറവേറ്റുന്നവരായിത്തീരും. അപ്പോൾ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ള അനുസരണത്തിന്റെ നിലവാരം കരസ്ഥമാക്കുന്നവരായി മാറും.
അതുകൊണ്ട് ബയ്അത്ത് പ്രതിജ്ഞ ചെയ്തിട്ടുള്ള നമ്മളിൽ ഓരോരുത്തരും ഈ ചിന്താഗതി ഉണ്ടാക്കിയാൽ മാത്രംപോര മറിച്ച് നമ്മുടെ കർമം കൊണ്ട് അതിന് തെളിവു നല്കേണ്ടതായും വരും. പുതിയതായിവരുന്നവർക്കും നമ്മുടെ മക്കൾക്കും നമ്മുടെ മാതൃക സ്ഥാപിക്കേണ്ടതായിവരും. വലിയവർ തങ്ങളുടെ മാതൃക ചെറുപ്പക്കാർക്കും കാണിച്ചുകൊടുക്കേണ്ട ആവശ്യമുണ്ട്. അതായത് വലിയവർ തങ്ങളുടെ മാതൃക സ്ഥാപിക്കുക. അത് അവരുടെ മക്കളും ചെറുപ്പക്കാരും കാണുകയും പഠിക്കുകയും ചെയ്യട്ടെ. എല്ലാത്തിലുമുപരിയായി ഈ നിലവാരം മേലെ മുതൽ താഴെവരെ എല്ലാ ഭാരവാഹികൾക്കും കാണിക്കേണ്ടിവരും. സ്ഥാപിക്കേണ്ടി വരും.
ഇവിടെ ചില മനസ്സുകളിൽ ഇടയ്ക്കിടെ ഇങ്ങനെയൊരു ചോദ്യം ഉണ്ടാകാറുണ്ട്. അക്കാര്യങ്ങൾ ശരിയാണെങ്കിൽ- ഞാൻ ചോദ്യത്തെ കുറിച്ചുള്ള കാര്യമാണ് പറയുന്നത്- ഞാൻ കേട്ട കാര്യം ശരിയാണെങ്കിൽ ചോദ്യകർത്താവ് പറയുന്നത്, പൂർണമായിട്ടുള്ള അനുസരണം നഷ്ടമുണ്ടാക്കുമെന്നാണ്. പൂർണമായിട്ടുള്ള അനുസരണം നഷ്ടമുണ്ടാക്കും എന്ന അഭിപ്രായക്കാർക്ക് ഈ ചോദ്യം ഉണ്ടാകാൻ കാരണം ഇവിടെ ജർമനിയിൽ ഹിറ്റലർ തന്റെ എല്ലാ കല്പനകളും നിർബന്ധപൂർവം ചെയ്യിച്ചിരുന്നു. സ്വേച്ഛാധിപതിയായി വാണിരുന്നു. അതുകൊണ്ട് രണ്ടാംലോക മഹായുദ്ധത്തിലുണ്ടായ മനസ്സിലെ ധാരണയാണ് ഈ ചോദ്യത്തിന് നിദാനം. അതിനാൽ ഇവിടത്തെ എല്ലാ അഹ്മദികളോടും പുതിയതായി വരുന്ന എല്ലാവരോടും ഇമാമത്തും ഖിലാഫത്തും, സ്വേച്ഛാധിപത്യവും (ഡിക്റ്റേറ്റർഷിപ്പ്)തമ്മിൽ വലിയവ്യത്യാസമാണുള്ളതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതിനു ശേഷമാണ് ഖിലാഫത്ത് സ്ഥാപിതമായത്. അല്ലാഹുവിന്റെ വാഗ്ദാനങ്ങളനുസരിച്ചാണ് സ്ഥാപിതമായത്. തങ്ങൾ ഖിലാഫത്തിന്റെ വ്യവസ്ഥിതിയെ തുടർന്നുകൊണ്ടു പോകുമെന്ന് വിശ്വാസികളെല്ലാം പ്രതിജ്ഞ ചെയ്യുന്നു. ദീൻ വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ല. സ്വന്തം ഇഷ്ടപ്രകാരം മതം വിശ്വസിച്ചു കഴിഞ്ഞാൽ മതത്തേയും ഖിലാഫത്തിനേയും നിലനിറുത്തുന്നതിനുവേണ്ടി ഒരു അഹ്മദി ചെയ്യുന്ന പ്രതിജ്ഞ നിറവേറ്റേണ്ടതും നിർബന്ധമാണ്. അത് സാമൂഹികമായ ഐക്യത്തിനും ഭദ്രതയക്കും അത്യാവശ്യമാണ്.
ഖിലാഫത്തിന്റെ ഉദ്ദേശ്യം സമസൃഷ്ടികളോടുള്ള കടമനിർവഹിക്കുന്നതിലേക്ക് പൂർണമായും ശ്രദ്ധിക്കുക എന്നതാണ്. തൗഹീദ് നിലനിറുത്തുന്നതിനുവേണ്ടി തികവുറ്റ നിലയിൽ പ്രവർത്തിക്കുക എന്നതും ഖിലാഫത്തിന്റെ ജോലിയാണ്. എന്നാൽ, ഭൗതിക നേതാക്കന്മാരുടെ ലക്ഷ്യം ഭൗതികമായ ഉദ്ദേശ്യങ്ങളാണ്. അവർക്ക് അവരുടെ ഭൗതിക ഭരണകൂടങ്ങളുടെ അതിർത്തി പ്രദേശങ്ങളെ വികസിപ്പിക്കുന്ന ജോലിയാണ്. തന്റെ രാജ്യത്തിലെ പ്രജകളോട് വ്യക്തിപരമായ ബന്ധമുള്ള ഏത് ഡിക്റ്റേറ്ററാണുള്ളത്. കാലത്തിന്റെ ഖലീഫയ്ക്ക് ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന എല്ലാ ജനതയിലേയും എല്ലാ വംശത്തിലേയും അഹ്മദിയുമായിട്ട് വ്യക്തിപരമായ ബന്ധമുണ്ട്. അവരുടെ വ്യക്തിപരമായ കത്തുകൾ വരുന്നു. അതിൽ അവരുടെ വ്യക്തിപരമായ കാര്യങ്ങൾ പരാമർശിക്കുന്നു. നിത്യവും വരുന്ന ഈ കത്തുകൾ നോക്കിയാൽ തന്നെ ഭൗതികർക്ക് അതൊരു അവിശ്വസനീയ കാര്യമായിരിക്കും. ഈ ഖിലാഫത്ത് തന്നെയാണ് ലോകത്ത് കഴിയുന്ന ഓരോ അഹ്മദിയുടേയും ബുദ്ധിമുട്ടുകളെ ശ്രദ്ധിക്കുന്നത്. അവർക്കുവേണ്ടി കാലത്തിന്റെ ഖലീഫ പ്രാർഥിക്കുന്നു.
ഏത് ഭൗതികനേതാവാണ് രോഗികൾക്കുവേണ്ടി പ്രാർഥിക്കുന്നത്. ഏതേ ഭൗതികനേതാവാണ് തന്റെ ജനതയിലെ വിവാഹബന്ധം നടക്കാത്ത പെൺകുട്ടികളുടെ കാര്യത്തിൽ അസ്വസ്ഥനാകുന്നത്. അവർക്കുവേണ്ടി പ്രാർഥിക്കുന്നത്. തന്റെ ജനതയിലെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ വ്യാകുലനാകുന്ന നേതാവാരാണ്. അവരുടെ ആരോഗ്യകാര്യങ്ങളിലുള്ള ചിന്തയുണ്ടാകുന്നത് കാലത്തിന്റെ ഖലീഫയ്ക്കാണ്. ചുരുക്കിപ്പറഞ്ഞാൽ ലോകത്ത് വ്യാപിച്ചുകിടക്കുന്ന അഹ്മദികളുടെ വ്യക്തിപരവും സാമൂഹികപരവുമായ ഒരു കാര്യവും കാലത്തിന്റെ ഖലീഫയുടെ ദൃഷ്ടിയിൽപ്പെടാത്തതായിട്ടില്ല. അത് പരിഹരിക്കാൻ കർമപരമായ കാര്യങ്ങൾ ചെയ്യുന്നതിനുപുറമെ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഞാനും എനിക്കു മുമ്പേ മറ്റു ഖലീഫമാരും ഇതൊക്കെ ചെയ്തു കൊണ്ടിരിക്കുന്നതാണ്.
രാത്രി ഉറങ്ങുന്നതിനു മുമ്പേ ഭാവനാദൃഷ്ടികൊണ്ട് ഞാൻ എത്തിപ്പെടാത്തതായ ഒരു രാജ്യവുമില്ല. ഉറങ്ങാൻ പോകുമ്പോഴും ഉണരുമ്പോഴും അവർക്കുവേണ്ടി പ്രാർഥിക്കാതെയുമിരിക്കുന്നില്ല. ഇത് നിങ്ങളോട് ഞാൻ എന്തെങ്കിലും ഔദാര്യം ചെയ്യുന്നു എന്ന നിലയിലല്ല പറയുന്നത്. ഇതെനിക്ക്

നിർബന്ധമാക്കപ്പെട്ട കാര്യമാണ്. ഇതിനെക്കാളുപരിയായി ഈ നിർബന്ധമാക്കപ്പെട്ട കാര്യം നിർവഹിക്കാൻ അല്ലാഹു എന്നെ അനുഗ്രഹിക്കുമാറാകട്ടെ. ഖിലാഫത്തും ഭൗതികനേതാക്കന്മാരും തമ്മിലുള്ള താരതമ്യം ഒരിക്കലും സാധ്യമല്ലെന്നാണ് പറഞ്ഞതിന്റെ ഉദ്ദേശ്യം. അല്ലെങ്കിലും അങ്ങനെ നോക്കുന്നതുതന്നെ തെറ്റാണ്.ചിലപ്പോൾ ഭൗതികനേതാക്കന്മാരോട് സംസാരിക്കുമ്പോൾ നിത്യേന വരുന്ന വ്യക്തിപരവും ഓഫീസുപരവുമായ കത്തുകളെക്കുറിച്ചു മാത്രമാണ് പറയാറുള്ളത്. അതു കേൾക്കുമ്പോൾതന്നെ ഇതെങ്ങനെ സാധിക്കുന്നു എന്ന് പറഞ്ഞ് അവർ അത്ഭുതപ്പെടുന്നു. അതുകൊണ്ട് ഒരു താരതമ്യപഠനത്തിന്റേയും ആവശ്യംതന്നെ ഉദിക്കുന്നില്ല. ജമാഅത്ത് വർധിക്കുമ്പോൾ കപടവിശ്വാസികളും അവരുടെ പണിയെടുക്കാൻ ആഗ്രഹിക്കുന്നു. അസൂയാലുക്കളും തങ്ങളുടെ പണിയെടുക്കുന്നു. ഖിലാഫത്തിനോടുള്ള ആത്മാർഥത എന്നു പറയുന്നത് അവരുടെ പദ്ധതികളെ സകല വിധേനയും പരാജയപ്പെടുത്തുക എന്നതാണ്. ഖിലാഫത്തുമായി ബന്ധപ്പെടുത്തി ചില തെറ്റായ ധാരണകൾ ഉണ്ടാക്കുന്നവരെ അടുത്തു വരാൻപോലും അനുവദിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറുന്നു: "അനുസരണത്തെ സത്യഹൃദയത്തോടെ സ്വീകരിക്കുകയാണെങ്കിൽ മനസ്സിൽ ഒരു പ്രകാശവും ആത്മാവിൽ ഒരു രസാനുഭവവും പ്രകാശവും വരുന്നു. എത്രത്തോളം അനുസരണം ആവശ്യമുണ്ടോ അത്രത്തോളം  അധ്വാനം ആവശ്യമില്ല. എന്നാൽ, അത് സത്യസന്ധമായ അനുസരണമായിരിക്കണം. ഇതുതന്നെയാണ് ദുഷ്ക്കരമായിട്ടുള്ളതും. അനുസരണത്തിൽ തന്റെ ശരീരേച്ഛയെ അറുത്തിടേണ്ടത് നിർബന്ധമാണ്. ഇതല്ലാതെ അനുസരണം ഉണ്ടാകുകയേയില്ല."

അതിനാൽ സമ്പൂർണമായ നിലയിൽ കാലത്തിന്റെ ഖലീഫയെ പിൻപറ്റുകയും അനുസരിക്കുകയും ചെയ്യുമ്പോൾ, കാലത്തിന്റെ ഖലീഫയിൽനിന്ന് ലഭിക്കുന്ന നിർദേശങ്ങളും കല്പനകളുമനുസരിച്ച് പ്രവർത്തിക്കുമ്പോൾ, അതിന് വ്യാഖ്യാനിക്കുന്നതും വിശദീകരിക്കുന്നതും നിറുത്തുമ്പോൾ അറിവും ബുദ്ധിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് ഫലവത്തായി തീരുകയും പൂവും കായും കൊണ്ടുവരികയും ചെയ്യും.

ഹുദൂർ അയ്യദഹുല്ലാഹുതആല പറഞ്ഞു: 'മിനിയാന്ന് വെയ്സ്ബാദനിൽ പള്ളിയ്ക്ക് തറക്കല്ലിടലായിരുന്നു. 400-ലേറെ തദ്ദേശ വാസികൾ വന്നിരുന്നു. ജർമൻ അതിഥികൾ പങ്കെടുത്തിരുന്നു. ഞാൻ വളരെ ചുരുക്കി ഇസ്ലാമികാധ്യാപനങ്ങൾ പറഞ്ഞു. അതു കേട്ടപ്പോൾ ആ സന്ദേശം 'തങ്ങളുടെ ഹൃദയത്തിന്റെ ശബ്ദമായിരുന്നു'എന്നാണ് എല്ലാവരും പറഞ്ഞത്. തങ്ങൾക്ക് ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ അവസരം കിട്ടിയെന്നും അവർ പറയുകയുണ്ടായി. നമ്മൾ അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് കൂറോടും ആത്മാർഥതയോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരുന്നാൽ അവരിൽനിന്ന് അല്ലെങ്കിൽ അവരുടെ അടുത്ത തലമുറയിൽനിന്നുള്ള ആളുകൾ ഇസ്ലാമിനെ മനസ്സിലാക്കുകയും അതിൽ പ്രവേശിക്കുകയും ചെയ്യുമെന്ന കാര്യം ഓർക്കുക. അല്ലാഹു ഇച്ഛിക്കുന്നവർക്ക് ഇസ്ലാം സ്വീകരിക്കാൻ തൗഫീഖ് നല്കുന്നതാണ്. അതുകൊണ്ട് ഭയപ്പെടേണ്ട കാര്യമില്ല. വിഷമിക്കേണ്ട കാര്യമില്ല. സങ്കോചപ്പെടേണ്ട കാര്യമില്ല. ഭയവും ഭീതിയും പ്രതിഫലിക്കുംവിധം മറുപടി നല്കേണ്ട ആവശ്യവുമില്ല. ഭൗതിക സർക്കാറുകൾ നമ്മുടെ ലക്ഷ്യമല്ല. അതു നമുക്ക് ആവശ്യവുമില്ല. അല്ലാഹുവിനോടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ കുടിയിരുത്തുകയും അവന്റെ മുമ്പിൽ കുനിയുകയും ചെയ്യുകയാണ് നമ്മുടെ പ്രവൃത്തി. ഈ പ്രവൃത്തി إِنْ شَاءَ اللّٰهُ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നതാണ്.

അതുകൊണ്ട് ഈ പ്രവൃത്തി ചെയ്യുന്നതിനായി, ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി എല്ലാ അഹ്മദികൾക്കും ഖിലാഫത്തിനോട് പരിപൂർണമായ അനുസരണം ഉണ്ടാക്കേണ്ടത് ആവശ്യമാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Germany – on 06.06.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To